# പിഎസ്‌സി നമ്മുടെ രക്ഷകനോ ശിക്ഷകനോ...

കേരളീയ യുവത്വത്തിന്റെ തൊഴിൽ സ്വപ്നങ്ങൾ പിഎസ്സിയെന്ന മഹാമേരുവിന്റെ തണലിനുകീഴിലാണ് പടർന്ന് പരിലസിക്കുന്നത്.

പത്താം ക്ലാസ് പാസായവർ മുതൽ ഡോക്ടറേറ്റ് എടുത്തിരിക്കുന്നവർ വരെ സർക്കാർതൊഴിൽ എന്ന തങ്ങളുടെ സ്വപ്നത്തിന്റെ പൂർത്തീകരണത്തിനായി കണ്ണിലെണ്ണഴൊഴിച്ച് കാത്തിരിക്കുകയാണ്.

ഒരോ വിജ്ഞാപനങ്ങളും വളരെ പ്രതീക്ഷയോടെയാണ് അവർ സ്വാഗതംചെയ്യുന്നത് എന്നത് ഒരു തികഞ്ഞ യാഥാർത്ഥ്യമാണ്. ആ കാത്തിരിപ്പിന് വിദ്യാഭ്യാസയോഗ്യതയോ ധനസ്ഥിതിയോ ഒന്നും ഒരു തടസ്സവും സൃഷ്ടിക്കുന്നുമില്ല. നല്ല ജോലിയെന്നു വിവക്ഷിക്കുന്നത് തന്നെ സർക്കാർജോലിയെക്കുറിച്ചായിരിക്കുന്നു എന്നതാണ് നഗ്നസത്യം. ഇങ്ങനെ പോകുന്ന ഈ കേരളനാട്ടിലെ തൊഴിൽ സ്വപ്നങ്ങളുടെ മൊത്തകച്ചവടക്കാരാണ് പിഎസ്‌സി അഥവാ കേരളാ പബ്ലിക് സർവീസ് കമ്മീഷൻ.

സംസ്ഥാനത്ത് 109 വകുപ്പുകളുണ്ട്. ആറു ലക്ഷത്തോളം സർക്കാർ ജീവനക്കാരും. കോർപറേഷനുകൾ, ക്ഷേമ ബോർഡുകൾ, ദേവസ്വം ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, കേന്ദ്രപദ്ധതികൾക്കായുള്ള പ്രത്യേക പ്രോജക്ട് ഓഫീസുകൾ, കുടുംബശ്രീപോലുള്ള പ്രത്യേക ഏജൻസികൾ, സർവകലാശാലകൾ തുടങ്ങിയവ വേറെയും. 90 വകുപ്പുകളിലെയും, ക്ഷേമ ബോർഡുകൾ, കോർപറേഷനുകൾ, സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങളുടെ അപ്പക്സ് ബോഡികൾ തുടങ്ങിയവയിലെയും നിയമനമാണ് പബ്ലിക് സർവീസ് കമ്മീഷനു വിട്ടിരിക്കുന്നത്. ദേവസ്വം ബോർഡുകളിലെ ക്ലാർക്ക് തസ്തികകൾ, സഹകരണ ബാങ്കുകളിലെ നിയമനങ്ങൾ എന്നിവയും അടുത്ത കാലത്ത് പിഎസ്സിക്കു വിട്ടുകൊടുത്തു. ഭരണഘനാപരമായി സർക്കാർ സർവീസുകളിൽ സ്ഥിരം നിയമനം നടത്താൻ സംസ്ഥാനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷനുകൾക്കും താത്കാലിക നിയമനത്തിനു ശിപാർശ നൽകാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കുമാണ് അധികാരം.

ഇത്രയും വിശാലമായ മേഖലകൾക്കു അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തിനൽകുന്ന ഭാരിച്ച ഉത്തരവാദിത്തം പിഎസ്സിയിൽ നിഷിപ്തമായിരിക്കുന്നത്.

എന്നാൽ മേൽപറഞ്ഞ വളരെ സങ്കീർണമായ തൊഴിൽ മേഖലകളിലേക്കൊക്കെ അനുയോജ്യരായവരെ കണ്ടെത്താൻ എന്തു ക്രമീകരണമാണ് പിഎസ് സി ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് ഒന്നു അവലോകനം ചെയ്യുന്നത് ഈ അവസരത്തിൽ വളരെ ഉചിതമായിരിക്കും.

ആ അവലോകനത്തിലേക്ക് കടക്കുന്നതിന് മുമ്പ് ഒരൽപ്പം ചരിത്രം പറയുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. 1936 കാലഘട്ടങ്ങളിൽ തിരുവതാംകൂറിലും കൊച്ചിയിലും വിവിധ വകുപ്പുകളിലേക്ക് അർഹരായവരെ റിക്രൂട്ട് ചെയ്യുന്നതിനായി പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിലവിലുണ്ടായിരുന്നു.പിന്നീട് തിരുക്കൊച്ചി രൂപീകരിക്കുമ്പോളും 1949 ൽ ഓഡിനൻസ് വഴിയായി തിരുകൊച്ചി പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിലവിൽ വന്നിരുന്നു. ചെയർമാനടക്കം നാലുപേരായിരുന്നു അന്ന് കമ്മീഷനിൽ ഉണ്ടായിരുന്നത്. ഒടുവിൽ 1956 ൽ കേരളസംസ്ഥാനം നിലവിൽ വന്നപ്പോളാണ് തിരുകൊച്ചി പബ്ളിക്ക് സർവ്വീസ് കമ്മീഷൻ മാറി നാം ഇന്നുകാണുന്ന കേരളാ പിഎസ്‌സിയുടെ പൂർണ പിറവി സാധ്യമാകുന്നത്.

കേരളസംസ്ഥാനത്തേക്കാളും പഴക്കമുള്ള ഈ പിഎസ്‌സി ഇന്ന് എവിടെ നിൽക്കുന്നൂവെന്ന് വിശകലനം നടത്തുമ്പോളാണ് നമ്മുടെ ഈ മേഖലകളിലുള്ള ബലഹീനത അതായിരിക്കുന്ന അവസ്ഥയിൽ പൂർണ്ണമായും നമുക്ക് മനസ്സിലാക്കാനാവുക.കാലം മാത്രമേ മാറിയിട്ടുള്ളു.

പിഎസ്‌സിക്ക് കാര്യമായ മാറ്റം ഉണ്ടായെന്ന് പറയാൻ എനിക്ക് കഴിയില്ല. അതിനുകാരണം ഒരു ചെറിയ ഉദാഹരണത്തിലൂടെ ഞാൻ വ്യക്തമാക്കിതരാം. പതിനായിരക്കണക്കിന് യുവതീ യുവാക്കൾ ഒരേപോലെ അപേക്ഷിക്കുന്ന ഒരു നോട്ടിഫിക്കേഷനാണ് ലാസ്റ്റ്ഗ്രേഡ് ക്ലർക്കിന്റെ പിഎസ്‌സി നോട്ടിഫിക്കേഷൻ. ഞാൻ മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ പത്താം ക്ലാസ് കഷ്ടിച്ചു പാസായവൻ മുതൽ ഡോക്ടറേറ്റ് നേടിയവൻ വരെ ഒരോപോലെ അതിന് അപേക്ഷിക്കുന്നതായാണ് അതിൽ കണ്ടുവന്നിരിക്കുന്നത്.

വിവിധ ഘട്ടങ്ങളിലായുള്ള തിരഞ്ഞെടുപ്പുകൾക്കൊടുവിൽ നിയമനം ലഭിക്കുന്നവർ സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്ക് പ്രത്യേകിച്ച് ഒരു പരിശിലനവും കൂടാതെ തിരഞ്ഞെടുക്കപ്പെടുന്നു. ബിഎസ്‌സി ബോട്ടണി പഠിച്ചവൻ പോകുക കോടതിയിൽ ക്ലാർക്കായായിരിക്കും. സാമ്പത്തികശാസ്ത്രം പഠിച്ചവൻപോകേണ്ടിവരിക മൃഗശാലയിലേക്കാകാം. ഇങ്ങനെ തങ്ങൾക്കു ലഭിച്ച തങ്ങൾ സിദ്ധിച്ച വിദ്യാഭ്യാസത്തിനു ഒട്ടും അനുയോജ്യമല്ലാത്ത മേഖലകളിലേക്ക് പിഎസ്‌സി നടത്തുന്ന കേവലം ഓർമ്മപരീക്ഷയ്ക്കുസമമായ ഒരു പരീക്ഷ പാസായി എന്ന ഒറ്റക്കാരണം കൊണ്ട് ഉദ്യോഗാർത്ഥികൾ എടുത്തെറിയപ്പെടുന്നു.

ഇത് വളരെക്രൂരമായ ഒരു വിനോധമാണ്. ഒരു തലമുറയുടെ തന്നെ നാമ്പ് നുള്ളികളയുന്നതിന് തുല്യമാണിത്. തങ്ങൾക്ക് യാതൊരു സ്വാധീനവും ഇല്ലാത്ത മേഖലകളിൽ കേവലം തൊഴിൽ സംരക്ഷണം മാത്രം ലക്ഷ്യം വച്ച് അടങ്ങികൂടുന്നവർക്ക രാഷ്ട്രപുരോഗതിയിലേക്കോ താൻ ഇടപെടുന്ന മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടിയൊ പ്രവർത്തിക്കുവാൻ പ്രവർത്തനത്തിൽ പങ്കാളിയാകാൻ കഴിയാതെ വരുന്നൂയെന്നതാണ് സത്യം.ഇങ്ങനെയുള്ളവർക്ക് ഒരിക്കലും നല്ല പൗരൻമാരാകാൻ സാധിക്കില്ലായെന്നത് സത്യമാണ്.കാരണം ജ്ഞാനത്തോടുള്ള ഒരുവന്റെ അഭിവാഞ്ചയും തൊഴിലിനോടുള്ള അവന്റെ താൽപര്യവും രാജ്യത്തോ

ടുള്ള അവന്റെ സ്നേഹവുമാണ് ഒരുവനെ നല്ല പൗരമാക്കുന്നതെന്നിരിക്കെ ഇതിനൊന്നും അവസരം നൽകാതെ ഒരുവനെ തളച്ചിടുകവഴി പിഎസ്സി ഒരു ജനതയുടെ വളർച്ചതന്നെ മുരടിപ്പിക്കുന്നതായാണ് ഞാൻ ഇവിടെ വിവക്ഷിക്കുന്നത്.
നമ്മുടെ പല സർക്കാർ വകുപ്പുകളും നിഷ്ക്രിയമായിരിക്കുകയും, മറ്റുചില വകുപ്പുകൾ വെള്ളാനകളായി തുടരുകയും അഴിമതി സർവത്ര നടമാടുകയും ചെയ്യുന്നിന്റെ പിന്നിലെ പ്രധാനകാരണം ശാസ്തീയമല്ലാത്ത പിഎസ്സിയുടെ നിയമനങ്ങളാണ് എന്ന് പറയേണ്ടിവരും.
കാലഘട്ടം ആവിശ്യപ്പെടുന്നതിനനുസരിച്ച് മാറാൻ പിഎസ്സിക്ക് കഴിയേണ്ടതുണ്ട്. എല്ലാത്തരം ജോലികൾക്കും ഒറ്റ പ്രവേശനയോഗ്യത എന്ന സമീപനം മാറ്റേണ്ടിയിരിക്കുന്നു. ഒരു പൊളിച്ചെഴുത്ത് അത്യന്താപേഷിതമാണ്. അടിസ്ഥാനയോഗ്യതകൂടാതെ, തിരഞ്ഞെടുക്കപ്പെടുന്ന മേഖലകളിലുള്ള  അഭിരുചിയും പരിചയസമ്പത്തും അധികയോഗ്യതയായി പിഎസ്സി കണക്കാക്കേണ്ടതുണ്ട്. എന്തിനാണ് തൊഴിലാളികളെ സപ്ളെ ചെയ്യാൻ പിഎസ്സി പോലൊരു സംവിധാനം എന്നുകൂടി ചിന്തിച്ചുപോയാലും അപാകതയുണ്ട് എന്ന് കരുതുന്നില്ല.
ഏറ്റവും നല്ലത് വിവിധ വകുപ്പുകൾക്കായി അവരവരുടെ റിക്രൂട്ടിങ്ങ് ഏജൻസികൾ തന്നെ റിക്രൂട്ട്മെന്റുകൾ നടത്തുകയെന്നതുതന്നെയാണ്. ഒരോ ഡിപ്പാർട്ട്മെന്റുകളും അവരവരുടെ ട്രെയിനിങ്ങ് സ്കൂളുകളും ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളും വികസിപ്പിക്കേണ്ടതുണ്ട്. ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത് അവിടുന്നുതന്നെയാകുന്നതാണ് നല്ലത്. ഏറ്റവുംമികച്ച ഉദ്യോഗാർത്ഥികളെയാവും ഇങ്ങനെയുള്ള ഇടങ്ങളിൽ നിന്ന് ലഭിക്കുകയെന്നതിന് സംശയമില്ല.

പിഎസ്സിക്ക് ഇന്നു ചീത്തപ്പേര് ഏറെയാണ്. സമൂഹത്തിന് മുഴുവൻ പ്രതീക്ഷയായിനിൽക്കേണ്ട ഒരു സ്ഥാപനം ഇന്ന് അഴിമതിയാരോപണങ്ങളിൽ വശംകെട്ടാണ് നിൽപ്പ്. എല്ലാക്കാലവും പിഎസ്സി നേരിടുന്ന വലിയ ഒരു പ്രശ്നമാണ് രാഷ്ട്രീയവത്കരണം. മാറിമാറി വരുന്ന സർക്കാറുകൾ തങ്ങൾക്ക് ആവിശ്യമായ തിരുകിക്കേറ്റലുകൾ നടത്താൻ പിഎസ്സിയെ രാഷ്ട്രീയമായി ഉപയോഗിക്കുന്നതാണ് കണ്ടുവന്നിരിക്കുന്നത്.
അതിനോടനുബന്ധിച്ച് എത്ര എത്ര വിവാദങ്ങളാണ് കേരളജനത കഴിഞ്ഞകുറേ നാളുകളായി കേട്ടുകഴിഞ്ഞിരിക്കുന്നത്. വിവാദ നിയമനങ്ങൾ, വിവാദപരീക്ഷകൾ, ചോദ്യപ്പേപ്പർ ചോരൽ തുടങ്ങിയ ആ നിര അങ്ങ് നീളുകയാണ്. പിഎസ്സിയുടെ പ്രവർത്തനം സുതാര്യമല്ല എന്നനിലയിലുള്ള ആക്ഷേപങ്ങൾ എത്ര തവണ നാം കേട്ടുകഴിഞ്ഞു. രാഷ്ട്രിയക്കാർ കോഴ മേടിച്ച് തങ്ങൾക്കുവേണ്ടപ്പെട്ടവരെ നിയമനങ്ങളിൽ തിരുകികയറ്റിയ എത്രയോ കഥകളും നാടറിഞ്ഞുകഴിഞ്ഞു.
പിഎസ്സി നാടിന്റെ രക്ഷകനോ ശിക്ഷകനോയെന്ന് നാം പുനർ വിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.
പണ്ട് കാലത്ത് അർഹരായവരെ അർഹതപ്പെട്ട പോസ്റ്റുകളിലേക്ക് നിയമിക്കാൻ ക്രമീകരിച്ചിരുന്ന സംവിധാനം നാം ഇനിയും ചുമക്കേണ്ടതില്ല.
കാലത്തിനനുസരിച്ചുള്ള മാറ്റം ഈ മേഖലയിൽ നാം കൊണ്ടുവരേണ്ടതുണ്ട്. ആ മാറ്റം എനിയും ഇനിയും വരാത്തതിനാലാണ് നമ്മുടെ പലസർക്കാർ ഓഫീസുകളും കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും കൂത്തരങ്ങുകളായി മാറിയിരിക്കുന്നത്. നഷ്ടങ്ങളുടെ കണക്കുകൾ മാത്രം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്കു പറയാൻ ഉള്ളതിന്റെ പിന്നിലെ കാരണവും ഇതൊക്കെത്തന്നെയാണ്. നല്ല ഒരു ജനതയുടെ നിർമതിക്കായി പിഎസ്സി നൽകുന്ന സംഭാവനകൾ വളരെ ദുർബലമാണെന്ന് തെളിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ വേതാളത്തെ നാം എനിയും ചുമക്കേണ്ടതില്ല

**റവ. ഡോ ഏബ്രഹാം മുളമൂട്ടിൽ**

.